പുന്നപ്ര സഹകരണ ആശുപത്രിയിൽ നിലവിൽ 19 ഡോക്ടർമാരുണ്ട്. അവരുടെ പേരും വകപ്പും അനുബന്ധമായി ചേർക്കുന്നു.*

പുന്നപ്ര സഹകരണ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

107(447) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ജനങ്ങൾ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒരു ചികിത്സാ കേന്ദ്രമാണ് പുന്നപ്ര സഹകരണ ആശുപത്രി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആശുപത്രിയിലേക്കുള്ള വിശാലമായ വീഥി ടൈൽസ് പാകി ഭംഗിയാക്കിയിരുന്നത് ഇപ്പോൾ വൃത്തിഹീനമായിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വീഥി ഭംഗിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ ആശുപത്രിയുടെ അകത്തും പുറത്തുമുള്ള ഭിത്തികളിലെ ചുവരെഴുത്തും പോസ്റ്ററുകളും മാറ്റി ഭംഗിയാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സഹകരണ സുനാമി ഫണ്ടുകൂടി ഉപയോഗിച്ച് നിർമ്മിച്ച ആശുപത്രി എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ചികിത്സാ ഇളവുകൾ പുനഃസ്ഥാപിക്കുമോ ;

(ഇ) സ്ത്രീകൾക്കും കുട്ടികൾക്കും ചികിത്സയ്ക്ക് നൽകിയിരുന്ന ഇളവുകൾ പുനഃസ്ഥാപിക്കുമോ ; വിശദവിവരം നൽകുമോ ;

(എഫ്) ലോക്കൽ പർച്ചേസ് ഒഴിവാക്കി, ടെണ്ടർ പരസ്യം വഴി ഏറ്റവും വിലകുറച്ച് ഗുണ നിലവാരമുള്ള മരുന്നുകളും അനുബന്ധ ചികിത്സാ ഉപകരണങ്ങളും വാങ്ങാൻ ആദ്യകാലത്തു സ്വീകരിച്ചിരുന്ന നടപടി പുനഃസ്ഥാപിക്കുമോ ; വിശദാംശം നൽകുമോ ;

(ജി) 2010 ൽ സ്ഥാപിച്ച ഹൈമാസ്റ്റ് ലാമ്പ് പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പ്രവർത്തന ക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ; ആശുപത്രി കാൻറീൻ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൈൽസ് പാകിയ വീഥികൾ ഭംഗിയായി സൂക്ഷിക്കാൻ ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആശുപത്രിയുടെ കോമ്പൗണ്ടിലെ ചുവരെഴുത്തുകളും പോസ്റ്ററുകളും മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഭാവിയിൽ ആശുപത്രിയുടെ അകത്തും പുറത്തുമുള്ള ഭിത്തികളിൽ ചുവരെഴുത്തും പോസ്റ്ററുകളും പതിക്കാൻ പാടില്ലെന്നുള്ള സർക്കുലർ നിർദ്ദേശം കേപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും ഇപ്പോഴും ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(ഇ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലും കയർ തൊഴിലാളി ക്ഷേമനിധിയിലും അംഗങ്ങളായ സ്ത്രീകൾക്കും കുട്ടികൾക്കും നിലവിൽ ചികിത്സാ ഫീസ് ഇളവുകൾ നൽകുന്നുണ്ട്.

(എഫ്) ഇക്കാര്യം കേപ്പ് പരിശോധിച്ചുവരുന്നു.

(ജി) ഹൈമാസ്റ്റ് ലാമ്പ് പ്രവർത്തിക്കുന്നുണ്ട്. സഹകരണ ആശുപത്രിക്ക് പ്രത്യേക കാന്റീൻ നിലവിലില്ല. എന്നാൽ എഞ്ചിനീയറിംഗ് കോളേജിനോട് അനുബന്ധിച്ചു പ്രവർത്തിക്കുന്ന നിലവിലുള്ള കാന്റീൻ ആശുപത്രിക്ക് കൂടി പ്രയോജനപ്പെട്ടുത്തിവരുന്നു. രാവിലെയും വൈകിട്ടും പിന്നെ പൊതു അവധി ദിവസങ്ങളിലും കോളേജിന് അവധിയുള്ളപ്പോഴും കാന്റീൻ പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

108 (448) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിത്തറ ഇളക്കുംവിധം റിസർവ് ബാങ്ക് പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും ഇത് എന്നു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ;